സംരക്ഷണ, സമിതികൾ എത്ര ഐ.എ.കൾ സുപ്രീം കോടതിയിൽ തിരുമുൽപ്പാട് കേസിൽ ഫയൽ ചെയ്തിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം വനപ്രദേശങ്ങളെ സംബന്ധിച്ചുള്ളതാണ് ;

(സി) ഈ അപേക്ഷകളിൽ എത്രയെണ്ണത്തിൽ സംസ്ഥാന സർക്കാർ കൗണ്ടർ ഫയൽ ചെയ്തിട്ടുണ്ട് ;

(ഡി) ഇനി എത്ര എണ്ണത്തിന് കൗണ്ടർ ഫയൽ ചെയ്യാനുണ്ട് ;

(ഇ) ഈ കേസ്സുകളിൽ കൗണ്ടർഫയൽ ചെയ്യാത്തതിന്റെ കാരണങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) തിരുമുൽപ്പാട് കേസ്സിനോടനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലെ വനസംരക്ഷണത്തിനുള്ള പോരായ്മകളെയും വനം കയ്യേറ്റങ്ങളെയും സംബന്ധിച്ച് പ്രകൃതി സ്നേഹികൾ 305, 307, 715, 655, 233, 413 എന്നീ 6 ഐ.എ.കൾ ബഹു. സുപ്രീം കോടതി മുൻപാകെ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) അവ ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവ്വ്, സംസ്ഥാനത്തൊട്ടാകെയുള്ള വനപ്രദേശങ്ങളിലെ കയ്യേറ്റങ്ങൾ, ഇടുക്കി ജില്ലയിലെ മൂന്നാറിലെ കണ്ണൻദേവൻ മല, മാങ്കുളം പ്രദേശം മന്നവൻചോല റിസർവ്വ്, വാഗമൺ പ്രദേശം എന്നിവിടങ്ങളിലെ വന പ്രദേശങ്ങളെ സംബന്ധിച്ചുള്ളതാണ്.

(സി) ഐ.എ. 233, 305, 307 എന്നിവയ്ക്ക് സംസ്ഥാന സർക്കാർ കൗണ്ടർ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി & ഇ) 3 എണ്ണം. ഐ.എ. 655, 413, 715 എന്നിവയിൽ കൗണ്ടർ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു.

**ഐ.എസ്.ആർ.ഒ. യ്ക്ക് വിറ്റ മെർക്കിസ്റ്റൺ എസ്റ്റേറ്റ് സംബന്ധിച്ച്**

127 (4478) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എസ്.ആർ.ഒ. യ്ക്ക് സേവി മനോ മാത്യു വിറ്റ 81.50 ഏക്കർ മെർക്കിസ്റ്റൺ എസ്റ്റേറ്റ് സംബന്ധിച്ച 7-9-2007-ലെ ഇ.എഫ്.എൽ. കസ്റ്റോഡിയന്റെ ഉത്തരവും, പ്രസ്തുത സ്ഥലം ഒഴിഞ്ഞുപോകാൻ തിരുവനന്തപുരം ഡി.എഫ്.ഒ നൽകിയ നോട്ടീസും, സ്റ്റേ ചെയ്തുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്റ്റേ വെക്കേറ്റ് ചെയ്തുകിട്ടാൻ എന്തു നടപടികളാണ് സ്വീകരിച്ചത് ;

(സി) പ്രസ്തുത കേസ് എന്നൊക്കെ കോടതിയുടെ മുമ്പാകെ പരിഗണനയ്ക്ക് വന്നിട്ടുണ്ട് ; നീണ്ടുപോകുന്നത് എന്തുകൊണ്ടാണ് ;

(ഡി) കോടതിയിൽ ഫയൽ ചെയ്യേണ്ട കാര്യങ്ങൾ യഥാസമയംതന്നെ ഫയൽ ചെയ്യുകയുണ്ടായിട്ടുണ്ടോ ; വീഴ്ച സംഭവിച്ചിട്ടുണ്ടോ ;

(ഇ) വനംവകുപ്പ് സ്വന്തമെന്ന് അവകാശപ്പെടുന്ന ഭൂമി സേവി മനോമാത്യു ഐ.എസ്.ആർ.ഒ. യ്ക്ക് വിറ്റ് രൂപ വാങ്ങിയിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ ഒരന്തിമ തീർപ്പ് ഉണ്ടാക്കാൻ ശ്രമിക്കാത്തത് എന്തുകൊണ്ട് ;

(എഫ്) കോടതിയിൽ അർജൻസി ബോദ്ധ്യപ്പെടുത്തി തീർപ്പാക്കാൻ സർക്കാർ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇനിയെന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ;

(ജി) പ്രസ്തുത ഭൂമിയുടെ പോക്ക് വരവ് നടപടി തടഞ്ഞു 3-10-2007-ൽ തിരുവനന്തപുരം ആർ.ഡി.ഒ. നൽകിയ ഉത്തരവിന്റെ സ്ഥിതി എന്താണ് ; പ്രസ്തുത ഭൂമി ഇപ്പോൾ ആരുടെ പേരിലാണ് ; ആരുടെ കൈവശത്തിലാണ് ?

ഉത്തരം

(എ) ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) സ്റ്റേ വെക്കേറ്റ് ചെയ്തുകിട്ടാൻ സർക്കാർ 23-10-2007-ൽ സത്യവാങ്മൂലം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

(സി) 20-9-07, 26-9-07, 4-10-07, 25-10-07, 5-11-07, 6-11-07, 7-11-07, 15-11-07, 21-11-07, 4-12-07, 28-1-08, , 26-2-08, 11-3-08, 9-4-08, 19-11-08, 26-11-08, 17-12-08, 14-1-09, 10—2-09, 10-6-09, 15-6-09, 22-6-09, 29-06-09, 6-7-09, 13-7-09, 22-7-09, 24-8-09, 7-9-09, 14-9-09, 15-9-09, 22-9-09, 29-9-09, 5-10.09, 19-10-09, 27-10-09, 9-11-09, 4-12-09, 11-12-09, 18-12-09, 8-1-2010, 5-3-2010, 21-5-2010 എന്നീ തീയതികളിൽ ടി കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയ്ക്കായി വന്നിട്ടുണ്ട്. പ്രസ്തുത കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ഡി) കോടതിയിൽ ഫയൽ ചെയ്യേണ്ട കാര്യങ്ങൾ യഥാസമയംതന്നെ ഫയൽ ചെയ്യുകയുണ്ടായിട്ടുണ്ട്. കേസ് നടത്തിപ്പിൽ സർക്കാർ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടില്ല.

(ഇ) ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിൽ പ്രത്യേകിച്ച് അഭിപ്രായം പറയുവാൻ നിർവ്വാഹമില്ല. കേസ് നടത്തിപ്പിൽ സർക്കാർ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടില്ല.

(എഫ്) പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളെ സംബന്ധിച്ച് നിരവധി കേസുകൾ ബഹു. ഹൈക്കോടതിയിൽ പുതുതായി രൂപീകരിക്കപ്പെട്ട ഗ്രീൻബെഞ്ചിന്റെ അടിയന്തരമായ പരിഗണനയിലാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

അറിയുന്നു. പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് എതിർ സത്യവാങ്മൂലം നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടുണ്ട്. ടി കേസിന്റെ അടുത്ത ഹിയറിംഗ് 2010 ജൂലൈ അവസാനത്തേയ്ക്ക് വെച്ചിട്ടുണ്ട് എന്ന് അറിയുന്നു.

(ജി) ആർ.ഡി.ഒ. നൽകിയ ഉത്തരവ് നിലവിലുണ്ട്. പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രസ്തുത ഭൂമി 2-6-2000-മുതൽ സർക്കാരിൽ നിക്ഷിപ്തമാണ്. ഈ ഭൂമി ഇപ്പോഴും സർക്കാരിന്റെ ഉടമസ്ഥതയിലാണ്. എന്നാൽ ബഹു. ഹൈക്കോടതിയുടെ 4-10-2007 ലെ ഡബ്ല്യു.പി.(സി) 27821/07 നമ്പർ കേസിലെ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലം ഒഴിഞ്ഞുപോകാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയ നോട്ടീസ് സ്റ്റേ ചെയ്തിരിക്കുന്നതിനാൽ എസ്റ്റേറ്റ് ഭൂമി ഇപ്പോൾ മെ.സതേൺ ഫീൽഡ് വെഞ്ചേഴ്സിന്റെ കൈവശമാണ്.

## സർക്കാർ തരിശ്ഭൂമികൾ, കനാൽ സൈഡുകൾ തുടങ്ങിയ സ്ഥലങ്ങളിലെ വനവൽക്കരണം

**127 (4480) ശ്രീ. കെ. രാജു :** താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ സർക്കാർ തരിശുഭൂമികൾ, കനാൽ സൈഡുകൾ, റോഡ് റെയിൽപ്പാതകളുടെ ഇരുവശങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ എന്തെല്ലാം വനവൽക്കരണ പരിപാടികളാണ് നടത്തിവരുന്നത് ; ഇനി എന്തെല്ലാം പദ്ധതികളാണ് നടത്താനുദ്ദേശിക്കുന്നത് ആയത് വിശദമാക്കുമോ ?

### ഉത്തരം

വനം വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സംയുക്ത സംരംഭമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഹരിതകേരളം. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പഞ്ചായത്തുകളിൽ ലഭ്യമായ ഉപയോഗപ്പെടുത്താതെ കിടക്കുന്ന പഞ്ചായത്തുവക സ്ഥലങ്ങൾ, കമ്മ്യൂണിറ്റി സ്ഥലങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലങ്ങൾ ഉൾപ്പെടെയുള്ള പൊതു സ്ഥലങ്ങൾ, സർക്കാർ-സർക്കാരേതര ഭൂമി, നദി-പുഴ, തോട്, തടാകം എന്നിവയുടെ കരകൾ പാതയോരങ്ങൾ, റെയിൽപ്പാതയോരങ്ങൾ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം ഈ പദ്ധതിപ്രകാരം വൃക്ഷവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. ഹരിതകേരളം രണ്ടാം ഘട്ടത്തിലും (2010-2011) ഈ പരിപാടി തുടർന്ന് വരുന്നു. രണ്ടാം ഘട്ടത്തിൽ കൂടുതൽ ജനപങ്കാളിത്തത്തോടുകൂടി പ്രത്യേകിച്ച് യുവജനങ്ങളേയും ഇളംതലമുറയിൽപ്പെട്ടവരെയും പങ്കെടുപ്പിച്ചുകൊണ്ട് ജനകീയ പരിപാടിയായി ഈ പദ്ധതി തുടർന്ന് വരുന്നു. ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയ സ്ഥലങ്ങൾക്കുപുറമേ വീട്ടുവളപ്പുകൾ ഉൾപ്പെടെയുള്ള സ്വകാര്യ ഭൂമികളിലുംകൂടി ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വൃക്ഷവത്ക്കരണം നടത്തുന്നുണ്ട്. 70 ലക്ഷം വൃക്ഷത്തൈകളാണ് രണ്ടാം ഘട്ടത്തിൽ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly